ജൂൺ 2015 ₹ 30

# വനിത വീട്

**ഭൂകമ്പം: മുൻകരുതൽ വേണം**



**ഈ തെറ്റ് മറ്റാർക്കും പറ്റല്ലേ... വീടുപണി അനുഭവങ്ങൾ**

**വൈദ്യുത തകരാർ കണ്ടെത്താൻ നൂതനവിദ്യ**

## പഴയ വീട് മികച്ചതാക്കാം

**Renovation Special** പുതുക്കിപ്പണിത അഞ്ച് വീടുകൾ



അനൂപ് ചന്ദ്രൻ, മനീഷ

ബിജാപ്പൂർ ബി.എൽ.ഡി.ഇ.എ എൻജിനിയറിങ് കോളജ് നിന്ന് ആർക്കിടെചറിൽ ബിരുദം നേടിയവരാണ് ഈ ആർക്കിടെക്ട് ദമ്പതിമാർ. അനൂപ് കൊച്ചിയിലും ഹൈദരാബാദിലും ദുബായിലുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പന്ത്രണ്ട് വർഷത്തോളം പ്രാക്ടീസ് ചെയ്തു. ഇപ്പോൾ തൃപ്രയാറിൽ എഎംഎസി എന്ന ആർക്കിടെക്ചർ കൺസൽറ്റൻസി നടത്തുന്നു.

**Before**



## Highlights

- ഗുരുതരമായ പ്രശ്നങ്ങൾ ഇല്ലാത്തതോ കൂട്ടിച്ചേർക്കലുകൾ വേണ്ടാത്തതോ ആയ ഭിത്തികളൊന്നും പൊളിച്ചില്ല.
- പഴയ ജനാലകളും വാതിലുകളും കമാനാകൃതിയിലായിരുന്നു. തടി കൊണ്ടുള്ള ലൂവർ ഡിസൈൻ ഉപയോഗിച്ച് കമാനാകൃതി മറച്ച് എക്സ്റ്റീരിയറിന് മോഡേൺ ലുക്ക് നൽകി. പുതിയതായി നിർമിച്ച ജനാലകളെല്ലാം അകത്ത് കൂടുതൽ വെളിച്ചം നൽകുന്ന കോർണർ വിൻഡോകളാണ്.
- പുറംഭാഗവും വീടിനനുയോജ്യമാക്കി മാറ്റാൻ പഴയ മതിൽ പൊളിച്ചില്ല, പകരം ആകൃതി വ്യത്യാസപ്പെടുത്തി, പുതുമയുടെ ഘടകങ്ങൾ ഉൾപ്പെടുത്തി ഭംഗിയാക്കുകയായിരുന്നു.
- ഏത് ആകൃതിയിലും ജിഐ കൊണ്ടുള്ള പാത്തികൾ വിപണിയിൽ ലഭ്യമാണ്. വീടിന്റെ മുൻവശത്ത് അവ ഉപയോഗിച്ചു.

### Project Facts

**Area:** 3500 sqft

**Architect:**
അനൂപ് ചന്ദ്രൻ, മനീഷ
തൃപ്രയാർ, തൃശൂർ
amacindia@gmail.com

**Owner:**
മീനാകുമാർ
സരോവരം
തൃപ്രയാർ, തൃശൂർ



# സിനിമയ്ക്കായൊരു പുതുമ

**ഹോം തിയറ്റർ നിർമിക്കുന്നതിനും കിടപ്പുമുറികൾ കൂട്ടിയെടുക്കുന്നതിനുമാണ് മീനാകുമാർ വീട് പുതുക്കിയത്.**

സിനിമാപ്രേമം മൂത്ത് വീട് പുതുക്കിപ്പണിത ഒരു ക്ലയന്റിന്റെ കഥയാണ് തൃപ്രയാറുള്ള ആർക്കിടെക്ട് അനൂപിനു പറയാനുള്ളത്. കടുത്ത സിനിമാപ്രേമിയായ മീനാകുമാർ വീടു പുതുക്കിപ്പണിതത് സൗകര്യങ്ങൾ വർധിപ്പിക്കാനാണ്. കുട്ടികൾ വലുതായതോടെ കുടുതൽ കിടപ്പുമുറികൾ ആവശ്യമായിവന്നു. മാത്രമല്ല, ഒരു ഹോം തിയറ്റർ വേണമെന്ന ആഗ്രഹവും ശക്തമായിട്ടുണ്ടായിരുന്നു.





അതിഥികളുടെ വണ്ടിയിടാൻ എക്സ്ട്രാ കാർഷെഡ്. ഫാമിലി ലിവിങ് (താഴെ).

25 വർഷം പഴക്കമുള്ള കോൺക്രീറ്റ് വീടായിരുന്നു. സിറ്റൗട്ടും കാർപോർച്ചും രണ്ട് കിടപ്പുമുറികളും ഉൾപ്പെടുന്ന ഇരുനില വീട്. മുകളിൽ മുറികളൊന്നും ഇല്ലായിരുന്നെങ്കിലും ഗോവണി കയറിയെത്തിയാൽ, താഴെ ലിവിങ് റൂം കാണാവുന്ന രീതിയിൽ ചുറ്റുവരാന്തയുണ്ടായിരുന്നു. ഇതിനെല്ലാം മാറ്റങ്ങൾ വരുത്തി, ചില ഘടകങ്ങൾ കൂട്ടിച്ചേർത്ത് വീടിനെ പുതുപുത്തനാക്കി മാറ്റുകയായിരുന്നു.

**മിക്ക മുറികളുടെയും വാതിലുകളും ജനാലകളും കമാനാകൃതിയിലായിരുന്നു. അതെല്ലാം ചതുരാകൃതിയാക്കി.**

## പോർച്ചിൽ തുടങ്ങിയ മാറ്റം

പഴയ വീടിനു മുന്നിലുണ്ടായിരുന്ന കാർപോർച്ച് സിറ്റൗട്ടിനോടു കൂട്ടിച്ചേർത്ത് സിറ്റൗട്ട് വലുതാക്കി. അതോടു ചേർന്നുതന്നെ പുതിയൊരു കാർപോർച്ച് നിർമിച്ചു. വീട്ടിൽനിന്ന് അല്പം മാറിയും ഒരു കാർപോർച്ച് നിർമിച്ചിട്ടുണ്ട്. സിറ്റൗട്ടിൽനിന്ന് പ്രവേശിക്കാവുന്ന ഒരു ഓഫിസ് റൂമുണ്ടായിരുന്നു. ഫോർമൽ ലിവിങ് റൂമായാണ് ഈ ഓഫിസ് റൂമിനെ മാറ്റിയത്. അകത്തുനിന്ന് പൂജാമുറിക്കരികിലൂടെ ഈ മുറിയിലേക്കു നേരത്തേയുണ്ടായിരുന്ന വാതിൽ അടയ്ക്കുകയും






പുതിയതായി നിർമിച്ച ഡൈനിങ്. അടുക്കളയുടെ പുതിയ മുഖം (താഴെ).



ചെയ്തു. താഴത്തെ രണ്ടു കിടപ്പുമുറികളുടെയും അവയുടെ ബാത്റൂമുകളുടെയും സൗകര്യങ്ങൾ വർധിപ്പിക്കുക മാത്രമാണ് ചെയ്തത്. ബാത്റൂമിലെ ടൈലും ഫിറ്റിങ്സും പുതുക്കി. പഴയ രീതി



മീനാകുമാറും കുടുംബവും.

യിൽ കോൺക്രീറ്റ് സ്ലാബുകൾ നിറഞ്ഞ അടുക്കളയായിരുന്നു. അനാവശ്യമായ സ്ലാബുകൾ നീക്കം ചെയ്ത് പുതിയ ഷട്ടറുകൾ സ്ഥാപിച്ചാണ് അടുക്കളയെ നവീകരിച്ചത്. ജനലുകളുടെ എണ്ണക്കുറവ് ഇപ്പോഴും അടുക്കളയുടെ പ്രശ്നമാണ്.

മുകളിലെ നിലയിൽ ഹോം തിയറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി താഴെ ഒരു മുറികൂടിയെടുക്കേണ്ടിവന്നു. അടുക്കളയ്ക്കും ഫാമിലി ലിവിങ്ങിനും ഇടയിലുള്ള ഈ മുറി ഡൈനിങ് റൂമാക്കി മാറ്റി. നേരത്തേ ലിവിങ്-ഡൈനിങ് റൂമുകൾ ഒരുമിച്ചായിരുന്നു. അടുക്കളയ്ക്കപ്പുറത്തുള്ള വർക്ഏരിയയും പുതുക്കിപ്പണിയലിന്റെ ഭാഗമായി നീട്ടിയെടുത്തു. ആകെ നാല് കിടപ്പുമുറികളാണ്. താഴത്തെ രണ്ട് കിടപ്പുമുറികൾക്കും മുകളിലായി ഓരോ കിടപ്പുമുറികൾ വീതം പുതിയതായി നിർമി



സർവസജ്ജീക രണങ്ങളുമുള്ള ഹോം തിയറ്റർ.



പരിഷ്കരിച്ച കിടപ്പുമുറി.

ച്ചു. പിന്നെ, വീട്ടിലെ താരമായ ഹോം തിയറ്ററും. അത്യാധുനിക സൗകര്യങ്ങൾ എല്ലാം ഉൾക്കൊള്ളിക്കുന്ന ഹോം തിയറ്ററാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നത്. ഹോം തിയറ്ററോടു ചേർന്ന് ബാർ കൗണ്ടറും ക്രമീകരിച്ചിട്ടുണ്ട്. പുതിയ മുറികൾ കൂട്ടിച്ചേർത്തപ്പോൾ അതോടനുബന്ധിച്ച് ഒരു ബാൽക്കണിയും അധികമായി ലഭിച്ചിട്ടുണ്ട്.

## എക്സ്റ്റീരിയറിനും മോടി കൂട്ടി

ചരിഞ്ഞ കോൺക്രീറ്റ് റൂഫായിരുന്നു മുമ്പുണ്ടായിരുന്നത്. അതിൽ ഷിംഗിൾസ് പതിച്ചപ്പോൾ എക്സ്റ്റീരിയറിന്റെ മോടി കൂടി. മാത്രവുമല്ല, ടെക്സ്ചറുകളും വോൾപേപ്പറുകളും ക്ലാഡിങ്ങുകളുമെല്ലാം വീടിനകത്തും പുറത്തും മിക്ക ചുവരുകളിലും ഉപയോഗിച്ചിട്ടുമുണ്ട്. ഫ്ലോറിങ് പുതുക്കി ഗ്രാനൈറ്റ്കൊണ്ടുള്ളതാക്കി.

മതിലും ഗെയ്റ്റുമെല്ലാം വീടിനു ചേരുന്നതാക്കി. മതിൽ പുതിയതു പണിയുന്നതിനു പകരം നേരത്തേയുണ്ടായിരുന്ന മതിലിന്റെ ഉയരത്തിലും ആകൃതിയിലും വ്യത്യാസം വരുത്തുകയായിരുന്നു. പ്രധാനവാതിലുകളെല്ലാം തേക്ക് തടി ഉപയോഗിച്ച് പുനർനിർമിക്കുകയായിരുന്നു. തേക്ക് അല്ലാത്ത പഴയ ജനാലകളിലെല്ലാം തേക്കിന്റെ സ്റ്റെയിൻ വരച്ചെടുത്തു. ഇലക്ട്രിക്കൽ-പ്ലംബിങ് ഫിറ്റിങ്ങുകളെല്ലാം പുതുക്കി.

ഉറപ്പിന് കുറവില്ലായിരുന്നതിനാൽ പല ഭിത്തികളും തറയുമെല്ലാം അതേപടി ഉപയോഗിക്കാൻ സാധിച്ചു. എക്സ്റ്റീരിയർ ഘടകങ്ങൾക്കെല്ലാം ഏകതാനത വരുത്താൻ ലൂവർ ഡിസൈൻ മതിലിലും ഗെയ്റ്റിലും പർഗോളയിലുമെല്ലാം ഉപയോഗിച്ചു. റെഡിമെയ്ഡ് ജിഐ പാത്തികൾ ഉപയോഗിച്ചാണ് മഴവെള്ളം ഭൂമിയിലേക്ക് കടത്തിവിടുന്നത്. ■

### Architect Speaks

**ഒരു വീട് പുതുക്കുകയാണോ പുതിയതു വയ്ക്കുന്നതാണോ നല്ലത്?**

പുതുക്കിപ്പണിയേണ്ട ഏരിയ എത്രയുണ്ട് എന്നതിനനുസരിച്ചേ ഇതു പറയാൻ കഴിയുകയുള്ളൂ. കൂടുതൽ സ്ഥലം പൊളിച്ചു നിർമിക്കേണ്ടതുണ്ടെങ്കിൽ പഴയ വീടിന്റെ സാമഗ്രികൾ പരമാവധി പുനരുപയോഗിച്ച് പുതിയ വീട് വയ്ക്കുന്നതാണ് നല്ലത്. പത്തു വർഷമെങ്കിലും ഈടില്ലാതെ പുതുക്കിപ്പണിതിട്ടു കാര്യമില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

**പഴയ വീടിന് കാര്യമായ പുതുക്കിപ്പണിയൽ ഒന്നുമില്ലാതെ പുതുമ തോന്നിക്കാൻ വഴികളുണ്ടോ?**

ചില ക്ലാഡിങ്ങുകളും പെയിന്റിങ്ങിലെ വ്യത്യാസങ്ങളും എക്സ്റ്റീരിയറിൽ മാറ്റങ്ങളുണ്ടാക്കും. വീടിനുള്ളിൽ പുതുമയുടെ മൂഡ് വരണമെങ്കിൽ ഇന്റീരിയർ ആക്സസറീസ് മാത്രം വ്യത്യാസപ്പെടുത്തിയാൽ പോരാ, ലൈറ്റിങ്ങിലും കാര്യമായ വ്യത്യാസങ്ങൾ വേണം.